ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്

നം. 430/ഇ3/2019/ഐ&പി.ആർ.ഡി.

തിരുവനന്തപുരം
തീയതി: 16.09.2019

## സർക്കുലർ

വിഷയം :- ഐ&പി.ആർ.ഡി - 29.07.2019 ന് ചീഫ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത വകുപ്പ സെക്രട്ടറിമാരുടെ യോഗത്തിന്റെ നടപടികുറിപ്പ് - സംബന്ധിച്ച്.

സൂചന :- 07.08.2019 ലെ പൊഭ(ഏകോപനം) വകുപ്പിന്റെ സി ഡി എൻ 4/127/19/പൊഭവ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് .

29.07.2019 ന് ചീഫ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ബഹു മുഖ്യമന്ത്രി വിളിച്ച ചേർത്ത വകുപ്പ സെക്രട്ടറിമാരുടെ യോഗത്തിന്റെ നടപടികുറിപ്പ് സൂചന പ്രകാരം പൊതുഭരണ(ഏകോപനം) വകുപ്പ് അയച്ചുതന്നിരിക്കുന്നു.

പ്രസ്തുതയോഗത്തിൽ തീരുമാനമായത് പ്രകാരം ചുവടെ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളിൽ വകുപ്പിലെ എല്ലാ ജീവനക്കാരും പ്രത്യേക ഊന്നൽ നൽകി പ്രവർത്തിക്കേണ്ടതാണ്.

എല്ലാ കാര്യത്തിലും പോസിറ്റീവായ സമീപനം ഉണ്ടാകണം.

ശരിയായ ഒരു കാര്യം നടപ്പിലാക്കാൻ അനാവശ്യ കാലതാമസം ഉണ്ടാകരുത്.

സാങ്കേതികമായ പിഴവുകൾ ചൂണ്ടികാണിക്കാമെങ്കിലും ഫയലുകൾ മന:പൂർവ്വം കാലതാമസം വരുത്തുവാൻ പാടില്ല. ചില സമയങ്ങളിൽ മന്ത്രിസഭ എടുത്ത തീരുമാനം പോലും നടപ്പിലാക്കുതിന് കാലതാമസം വന്നിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

സർക്കാരിനെ ശക്തിപ്പെടുത്തുന്ന സമീപനം ഉണ്ടാകണം. നിഷ്പക്ഷമായ വേഷത്തിലൂടെ സർക്കാരിനെ വിമർശിക്കുവാൻ പാടുള്ളതല്ല. ആവിഷ് കാര സ്വാതന്ത്ര്യം ഇത്തരത്തിൽ ദുരുപയോഗം ചെയ്യരുത്.

നയപരമായ തീരുമാനങ്ങളെടുക്കലാണ് സെക്രട്ടേറിയറ്റിലെ പ്രധാന പ്രവർത്തനമേഖല ഇക്കാര്യത്തിൽ എത്രത്തോളം ഭരണസംവിധാനം ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നു എന്നത് പരിശോധിക്കേണ്ടതാണ്.

വാക്കിലും നോക്കിലും പ്രവർത്തിയിലും സർക്കാരിന്റെ താല്പര്യം സംരക്ഷിക്കുന്ന വിധമായിരിക്കണം പ്രവർത്തനങ്ങൾ.

സാധാരണയിൽ നിന്നും വ്യത്യസ്തരാവാൻ ശ്രമിച്ച് അനാവശ്യ കാലതാമസമുണ്ടാകാതെ സർവ്വീസിൽ ഉത്തമ മാതൃകകൾ സൃഷ്ടിച്ച മുൻതലമുറ ഉദ്യോഗസ്ഥരെ അനുകരിക്കുകയാണ് ചെയ്യേണ്ടത്.

തെരഞ്ഞെടുപ്പ് ഫലം ഉദ്യോഗസ്ഥരെ സ്വാധീനിക്കുന്ന സ്ഥിതിയുണ്ടാകരുത്. മെറിറ്റ് അടിസ്ഥാനത്തിൽ കക്ഷിരാഷ്ട്രീയമില്ലാതെ നാടിന്റെ വികസനമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എല്ലാവർക്കും രാഷ്ട്രീയ വീക്ഷണം ഉണ്ടാകും പക്ഷേ അതൊന്നും ഭരണത്തിൽ പ്രതിഫലിക്കുവാൻ പാടില്ല.

നവകേരള നിർമ്മിതിയിൽ പ്രളയാനന്തര പുനർനിർമ്മാണത്തിന് റീബിൾഡ് കേരള പ്രോജക്റ്റ് അങ്ങേയറ്റം പ്രാധാന്യത്തോട് കൂടിയാണ് സർക്കാർ നടപ്പാക്കുന്നത്. വിവിധ മിഷനുകൾ വഴി ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ ഒട്ടനവധി കാര്യം ഇതിനകം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം അത്യന്താപേക്ഷിതമാണ്. അക്കാര്യത്തിൽ ഉറപ്പായും വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ രാഷ്ട്രീയത്തിന് അതീതമായി നാടിന്റെ വികസനത്തിന് വേണ്ടി ഒരുമിച്ച് പ്രവർത്തിക്കണമെന്ന കാഴ്ചപ്പാടാണ് സംസ്ഥാന സർക്കാരിനുള്ളത്. രാഷ്ട്രീയ വ്യത്യാസങ്ങൾ, അമിതാവേശം കാണിക്കാത് വച്ചും ചില സാഹചര്യങ്ങൾ വച്ചും ചിലതെങ്കിലും അമിതാവേശം കാണിക്കുന്നുണ്ടോ എന്നുള്ള സംശയം കൊണ്ടാണ് ഇക്കാര്യം പറയുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ മികച്ച രീതിയിൽ നടപ്പിലാക്കുന്നതിന് വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഭരണത്തിൽ സെക്രട്ടറിയേറ്റിന് നിർണ്ണായകമായ പങ്കുണ്ട്. ഭരണനടപടി ക്രമങ്ങൾ (Rules of Business) വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. നയപരമായ തീരുമാനങ്ങൾ എടുക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും പ്രശ്ന പരിഹാരത്തിന് അവലംബിക്കേണ്ട നടപടിക്രമങ്ങളും ഒരുപോലെയാകാൻ കഴിയില്ല. ഇക്കാര്യത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

മന്ത്രിസഭയ്ക്കുള്ള കുറിപ്പുകൾ തയ്യാറാക്കുന്നതിൽപോലും വേണ്ടത്ര അവധാനതയില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മന്ത്രിസഭ തീരുമാനിച്ച പല കാര്യങ്ങളും വീണ്ടും മറ്റു വകുപ്പുകളിലേക്ക് അഭിപ്രായത്തിന് അയക്കുന്നത് നല്ല പ്രവണതയല്ല. ഇതിൽ വ്യക്തിപരമായ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

ഓരോ വകുപ്പും അവരുടെ വെബ്സൈറ്റ് എല്ലാ ദിവസവും അപ്ഡേറ്റ് ചെയ്യുകയും പ്രധാനപ്പെട്ട ഉത്തരവുകളും നടപടികളും സമാഹരിച്ച് പുസ്തകരൂപത്തിലാക്കി പ്രസിദ്ധീകരിക്കുകയും വേണം. സേവനങ്ങൾക്കായി mobile app തയ്യാറാക്കുന്ന കാര്യവും ശ്രദ്ധിക്കണം.

ദേശീയതലത്തിൽ പദ്ധതികളും നയസമീപനങ്ങളും വെബ്സൈറ്റ് വഴി പ്രസിദ്ധീകരിച്ചോ അതാത് വകുപ്പുകൾക്ക് കത്തെഴുതിയോ അഭിപ്രായങ്ങൾ തേടാറുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും പുതിയവ ഉന്നയിക്കുന്നതിനും വകുപ്പ് സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കുകയും ഇക്കാര്യം സമയബന്ധിതമായി ചെയ്യുകയും വേണം.

കോടതി കേസുകൾ ശരിയായ വിധത്തിൽ കൈകാര്യം ചെയ്യുന്നില്ലയെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കണം.

01.08.2019 മുതൽ 31.10.2019 വരെ ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രശ്നപരിഹാരത്തിന് മുന്തിയ പരിഗണന നൽകി പരമാവധി ഫയലുകൾ തീർപ്പാക്കുവാൻ പ്രയത്നിക്കണം. തീവ്രയജ്ഞപരിപാടിയുടെ കാലയളവിൽ വരുന്ന അവധി ദിവസങ്ങൾ ഈ പരിപാടിക്കായി പ്രത്യേകം വിനിയോഗിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണ്.

സന്ദർശന സമയത്ത് എല്ലാ ഉദ്യോഗസ്ഥരും സീറ്റുകളിൽ ഉണ്ടാകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിവിധ പദ്ധതികളുടെ കേന്ദ്രവിഹിതം കൃത്യമായി നേടിയെടുക്കുവാൻ വ്യക്തിപരമായി ശ്രദ്ധ ചെലുത്തണം. പരമാവധി ഫയലുകൾ മാതൃഭാഷയിൽ കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കണം. മലയാളം

ഫയലുകളുടെ ഇംഗ്ലീഷ് പരിഭാഷകൂടി വേണമെന്ന് ചിലരെങ്കിലും ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാരിന്റെ മൂന്നാം വാർഷികത്തിൽ പ്രസിദ്ധീകരിച്ച പ്രോഗ്രസ് റിപ്പോർട്ടിൽ ഇനിയും പൂർത്തികരിക്കാനുള്ളത്/ ആരംഭിക്കാനുള്ളത്/ നടപ്പിലാക്കുവാൻ കഴിയാത്തത് എന്നിവ പ്രത്യേകം അവലോകനം ചെയ്ത് 2020 ജൂൺ 30 നകം പൂർത്തിയാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

മുഖ്യമന്ത്രിയുടെ ഇംപാക്ട്ഫുൾ പ്രോജക്ട് സംബന്ധിച്ച CM Dash Board വേണ്ട രീതിയിൽ കൈകാര്യം ചെയ്യുന്നില്ലയെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിവിധ മാധ്യമങ്ങളിൽ വകുപ്പുകളെപ്പറ്റിയുണ്ടാകുന്ന വിമർശനങ്ങൾ തിരുത്തുവാൻ എല്ലാവരും ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ വകുപ്പ് മന്ത്രിമാരുടെ ഓഫീസുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.പശ്ചാത്തല സൗകര്യ വികസനത്തിന്റെ കാര്യത്തിൽ മികച്ച രീതിയിലുള്ള ഇടപെടലുകൾ ഉണ്ടാകണം.

**യു വി ജോസ്**
**ഡയറക്ടർ**

എല്ലാ മേഖലാ /ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഇൻഫർമേഷൻ ഓഫീസർമാർക്കും
ഡയറക്ടറുടെ സിഎ
അഡീഷണൽ ഡയറക്ടർ
ഡെപ്യൂട്ടി സെക്രട്ടറി
അക്കൗണ്ട്സ് ഓഫീസർ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ